(ബി) 8 പേർ സസ്പെൻഷനിൽ നിൽക്കുന്നു.

സസ്പെൻഷനു വിധേയരായ പോലീസ് ഉദ്യോഗസ്ഥൻമാർ

1726 [2600] ശ്രീമതി കെ. ആർ ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനങ്ങളെ അകാരണമായി മർദ്ദിച്ചു എന്ന കുറ്റത്തിന് സർവ്വീസിൽനിന്നും എത്ര പോലീസ് ഓഫീസർമാരെയും പോലീസുകാരെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേരെ ഇതിനകം തിരിച്ചെടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഒരു ഡി. വൈ. എസ്. പി., ഒരു ഡെപ്യൂട്ടി കമാൻറൻറ്, 7 സർക്കിൾ ഇൻസ്പെക്ടർമാർ, 27 സബ് ഇൻസ്പെക്ടർമാർ, 5 എ. എസ്. ഐ.മാർ, 47 ഹെഡ് കോൺസ്റ്റബിൾമാർ, 182 കോൺസ്റ്റബിൾമാർ, ഒരു വനിതാ പോലീസ് കോൺസ്റ്റബിൾ എന്നിവരെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ ഒരു ഡി. വൈ. എസ്. പി, 3 സർക്കിൾ ഇൻസ്പെക്ടർമാർ, 20 സബ് ഇൻസ്പെക്ടർമാർ, 4 എ. എസ്. ഐ. മാർ, 37 ഹെഡ് കോൺസ്റ്റബിൾമാർ, 129 കോൺസ്റ്റബിൾമാർ, 1 വനിതാ കോൺസ്റ്റബിൾ എന്നിവരെ സർവീസിൽ പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്.

ലോക്കപ്പ് മരണങ്ങൾ സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേൽ സ്വീകരിച്ച നടപടികൾ

1727 [2602] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന ലോക്കപ്പ് മരണങ്ങളിൽ കുറ്റക്കാരെന്നു കണ്ട് പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കേസുകളിലാണ് പോലീസുകാർക്കെതിരെ നടപടി എടുത്തിട്ടുള്ളത്;

(സി) എത്ര കേസുകളിൽ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി എടുത്ത് സർവീസിൽ നിന്നും പുറത്താക്കിയിട്ടുണ്ട്;

(ഡി) എത്രപേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ, ബി) മലക്കിപ്പാറ പോലീസ് സ്റ്റേഷനിൽ വെച്ച് രാമൻകുട്ടി എന്നയാൾ കൊല്ലപ്പെട്ടതു സംബന്ധിച്ചുള്ള കേസിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടറെയും,

LIBRARY ARCHIVES Kerala Legislative Assembly